**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2629** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് ആന്റ് കോച്ചിംഗ് സെന്ററിനു വ്യവസായ വകുപ്പിന്റെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അന്തർദേശീയ ഡ്രൈവിംഗ് പരിശീലനം സാധ്യമാക്കുന്നതിന് വേണ്ടി ഗതാഗത വകുപ്പ് മലപ്പുറത്ത് അനുവദിച്ചതും 20.01.2020-ാം തീയതിയിലെ ജി.ഒ.(സാധാ) നം.24/2020/ട്രാൻസ്. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചതുമായ ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് ആന്റ് കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള വ്യവസായ വകുപ്പിന്റെ 30 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | മലപ്പുറത്ത് KSIDC യുടെ ഉടമസ്ഥതയിലുള്ള സ്ഥലം INKEL നു KSIDC ലീസ് കൊടുത്തിട്ടുള്ളതാണ്. അതിനാൽ കെ.എസ്.ഐ.ഡി.സി-ക്കു മലപ്പുറത്ത് നിലവിൽ ഭൂമി കൈവശമില്ല.<br><br>നിലവിൽ, ഇൻകെൽ, വ്യവസായ സൗരോർജ ആവശ്യങ്ങൾക്ക് പ്രസ്തുത ഭൂമിയടക്കം ലീസ് നൽകിക്കഴിഞ്ഞു. ഇപ്പോൾ മലപ്പുറം ഇൻകെൽ പാർക്കിൽ 100% ഭൂമിയും ലീസ് നൽകിയിട്ടുള്ളതാണ്. അതുകൊണ്ട് പ്രസ്തുത ഡ്രൈവിംഗ് ടെസ്റ്റിന് ഇൻകെൽ പാർക്കിൽ നിലവിൽ ഭൂമി ലഭ്യമല്ല. |
| (ബി) | നോർക്ക വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 24/01/2022 ൽ ചേർന്ന യോഗത്തിലെ തീരുമാനമനുസരിച്ച് മലപ്പുറത്ത് ഇൻകെൽ എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 30 ഏക്കർ സ്ഥലം പദ്ധതിയ്ക്ക് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിൽ നാളിതുവരെ വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ; | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | അന്തർദേശീയ ഡ്രൈവിംഗ് പരിശീലനം സാധ്യമാക്കുന്നതിന് വേണ്ടി ഷാർജ മോഡൽ ഇന്റർ നാഷണൽ ഡ്രൈവിംഗ് ആന്റ് കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള സ്ഥലം പദ്ധതിയ്ക്ക് അനുവദിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ